**15 -ാം കേരള നിയമസഭ**

**5 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 451** **28-06-2022 - ൽ മറുപടിയ്ക്ക്**

**വൈപ്പിൻ നിയോജകമണ്ഡലത്തിലെ ആസ്തി വികസന പദ്ധതികൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ.എൻ. ഉണ്ണികൃഷ്ണൻ | | ശ്രീ കെ എൻ ബാലഗോപാൽ<br>(ധനകാര്യ വകുപ്പ് മന്ത്രി) | |
| (എ) | വൈപ്പിൻ മണ്ഡലത്തിൽ ആസ്തി വികസന ഫണ്ടിൽ നിന്നും തുക വിനിയോഗിച്ച് 2011 മുതൽ നാളിതുവരെ നിർമ്മാണം പൂർത്തിയാക്കിയ പ്രവൃത്തികൾ ഏതെല്ലാമെന്നും പ്രസ്തുത പ്രവൃത്തികളുടെ സേവിങ്ങ്സ് എത്രയെന്നും സാമ്പത്തിക വർഷത്തിന്റെ അടിസ്ഥാനത്തിൽ വിശദമാക്കാമോ; | (എ) | വിവരം ശേഖരിച്ചു വരുന്നു. |
| (ബി) | സേവിങ്ങ്സ് തുകയ്ക്ക് ഭരണാനുമതിക്കായി പദ്ധതികൾ സമർപ്പിച്ചിട്ടുണ്ടോയെന്ന് അറിയിക്കാമോ; | (ബി) | വൈപ്പിൻ നിയോജകമണ്ഡലത്തിലെ സേവിങ്ങ്സ് തുക വിനിയോഗിക്കുന്നതിനുള്ള പ്രത്യേകാനുമതി നൽകണമെന്ന് വൈപ്പിൻ നിയോജക മണ്ഡലം ബഹു. മുൻ. എം.എൽ.എ. ശ്രീ. എസ്.ശർമ്മ ആവശ്യപ്പെട്ടിരുന്നുവെങ്കിലും പ്രൊപോസലിലെ തുക സേവിങ്ങ്സ് തുകയെക്കാൾ അധികരിച്ചിരുന്നതിനാൽ പ്രസ്തുത ശുപാർശ പരിഗണി.ച്ചിരുന്നില്ല. |
| (സി) | ഇല്ലെങ്കിൽ പ്രസ്തുത തുകയ്ക്ക് പദ്ധതികൾ സമർപ്പിക്കുന്നതിലെ സമയപരിധി എന്നുവരെയെന്ന് വ്യക്തമാക്കാമോ? | (സി) | 31.03.2022 തീയതിയിലെ സ.ഉ.(അച്ചടി) നം.40/2022/ധന പ്രകാരം, ഓരോ സാമ്പത്തിക വർഷവും ഭരണാനുമതി നൽകുന്ന പ്രവൃത്തികളുടെ ടെൻഡർ അംഗീകരിച്ചുകഴിഞ്ഞിട്ടുണ്ടാകുന്ന ടെൻഡർ സേവിംഗ്സ് എത് സാമ്പത്തിക വർഷത്തിലാണോ തിട്ടപ്പെടുത്തുന്നത് ആ സാമ്പത്തിക വർഷത്തിലോ അതിനടുത്ത സാമ്പത്തിക വർഷത്തിലോ ഉണ്ടാകുന്ന ടെൻഡർ എക്സസിന് വേണ്ടിയോ പുതിയ പ്രവൃത്തികൾക്ക് ഭരണാനുമതി നൽകുന്നതിന് വേണ്ടിയോ വിനിയോഗിക്കാവുന്നതാണ്. അതായത് നിയോജകമണ്ഡല ആസ്തിവികസന പദ്ധതി 2017-18 ന് കീഴിൽ അനുമതി നൽകിയ പ്രവൃത്തി പൂർത്തീകരിച്ച് ഫൈനൽ ബിൽ സെറ്റിൽ ചെയ്ത് ടെൻഡർ സേവിംഗ്സ് തിട്ടപ്പെടുത്തിയത് 2021-22 വർഷത്തിലാണെങ്കിൽ പ്രസ്തുത സേവിംഗ്സ് തുക 2021-22 ലോ 2022-23 ലോ ഉണ്ടാകുന്ന ടെൻഡർ എക്സസിന് വേണ്ടിയോ പുതിയ പ്രവൃത്തികൾക്ക് ഭരണാനുമതി നൽകുന്നതിന് വേണ്ടിയോ |

| | | | |
|---|---|---|---|
| | | | **വിനിയോഗിക്കാവുന്നതാണ്. ഇതനുസരിച്ച് പദ്ധതികൾ സമയബന്ധിതമായി സമർപ്പിക്കേണ്ടതാണ്.** |

സെക്ഷൻ ഓഫീസർ